ങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടു പ്രകാരം 1976-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമായ കെ.ബി.പി.എസ്. (കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി) ഇപ്പോഴും ഒരു സൊസൈറ്റി ആയിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് 8.12.99-ൽ ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ യൂണിയൻ പ്രതിനിധികളുടെ അഭ്യർത്ഥനകൂടി കണക്കിലെടുത്ത് ജനുവരി 6-ാം തീയതി വീണ്ടും ചർച്ച ചെയ്യുന്നതിനായി തീരുമാനിച്ചിരിക്കുന്നു. എന്നാൽ പ്രസ്സിലെ ഉൽപ്പാദനം 50 ശതമാനം കുറയ്ക്കുന്നതിനും അച്ചടിച്ച സാധനങ്ങൾ പ്രസ്സിൽനിന്ന് നീക്കം ചെയ്യുന്നതു തടയാനുമുള്ള സമര പരിപാടികളിൽ ജീവനക്കാർ ഇപ്പോൾ ഏർപ്പെട്ടിരിക്കുകയാണ്. പ്രശ്ന പരിഹാരത്തിനായി ജനുവരി 6-ാം തീയതി കൂടുതൽ ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സമര പരിപാടിയിൽനിന്ന് പിൻതിരിയണമെന്ന് ജീവനക്കാരുടെ സൊസൈറ്റി ചെയർമാൻ കൂടിയായ ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ അഭ്യർത്ഥന പരിഗണിച്ചുകൊണ് ഇത്തരം സമര പരിപാടികളിൽനിന്നു മാറണമെന്ന് അതിന്റെ പ്രസിഡന്റു കൂടിയായ ബെഹുമാനപ്പെട്ട മെമ്പർ തൊഴിലാളികളെ ഉപദേശിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : സബ്മിഷന്റെ കാര്യത്തിൽ സമയനിയന്ത്രണം പാലിച്ചില്ലെങ്കിൽ ബുദ്ധിമുട്ടാണ്. പത്തു മണിക്കു സബ്മിഷൻ ആരംഭിച്ചതാണ്. മൂന്നു സബ്മിഷന് അര മണിക്കൂർ സമയം എടുത്തു. അങ്ങനെയാണെങ്കിൽ 14 സബ്മിഷൻ തീരാൻ ഇനിയും ഒന്നൊന്നര മണിക്കൂർ എടുക്കും. ഇങ്ങനെ അനുവദിക്കാൻ പറ്റില്ല. അല്ലെങ്കിൽ സബ്മിഷൻസ് മാറ്റി വയ്ക്കുക, നാളെ എടുക്കാം. എന്തു വേണമെന്ന് തീരുമാനിക്കുക. ഈ രൂപത്തിൽ കണ്ടിന്യൂ ചെയ്യാൻ പറ്റില്ല. ഇന്ന് മൂന്നു ബില്ലുകൾ സഭയിൽ വരുന്ന ദിവസമാണ്. കാര്യം മാത്രം ഉന്നയിക്കുക. അതിനുള്ള മറുപടി പറയുക.

അടുത്തത് ഓടു വ്യവസായം നേരിടന്ന പ്രതിസന്ധി. ശ്രീ. കെ.പി. രാജേന്ദ്രൻ.

(4) തൃശ്ശൂർ ജില്ലയിലെ ഓടു വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ കെ.പി. രാജേന്ദ്രൻ : സർ, സംസ്ഥാനത്തെ, പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് ഓട് വ്യവസായം. ഓട് വ്യവസായം നേരിടുന്ന പ്രസിസന്ധിയെക്കുറിച്ചാണ് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കളിമണ്ണ്, വിറക് എന്നിവ കിട്ടുന്നതിനുള്ള പ്രയാസവും വിദ്യുച്ഛക്തി-നിരക്കിലെ വർദ്ധനവും ഓട് വിറ്റഴിക്കുന്നതിലെ ബുദ്ധിമുട്ടും കളിമണ്ണിന് സർക്കാർ കൊണ്ടുവന്ന റോയൽറ്റി, അതുപോലെ ഉൽപ്പാദനത്തിലും വിപണനത്തിലുമുണ്ടായ പ്രതിസന്ധി എല്ലാംകൊണ്ട് തൃശ്ശൂർ ജില്ലയിൽ ഓടുവ്യവസായം വലിയ ഒരു പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി 1997-ൽ അതിന്റെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ആ റിപ്പോർട്ടിലേയ്ക്ക് കടക്കുന്നില്ല. പ്രധാമായി കളിമണ്ണിന് ഇപ്പോൾ ഈടാക്കുന്ന റോയൽറ്റി കേരളാ സ്റ്റേറ്റ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഓടു വ്യവസായത്തിനായി ഇപ്പോൾ മണ്ണെടുത്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

തുടർന്നും മണ്ണെടുക്കുന്നതിനുള്ള സൗകര്യം നിലനിർത്തുക എന്നതാണ് അടിയന്തിരമായി സ്വീകരിക്കേണ്ട നടപടി. ഇതിനു സഹായകരമാകുന്ന വിധത്തിൽ കേരള ഭൂവിനിയോഗ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. ദീർഘകാലാടിസ്ഥാനത്തിൽ സ്ഥിരമായി ഓടുവ്യവസായത്തിന് കളിമണ്ണ് ലഭ്യമാക്കുന്നതിന് കളിമണ്ണ് ശേഖരമുള്ള പ്രദേശങ്ങൾ സമഗ്രമായ ഒരു സർവ്വേയിലൂടെ കണ്ടെത്തണം. അത്തരം പ്രദേശങ്ങൾ ഓട്ടുകമ്പനിക്കായുള്ള കളിമണ്ണെടുക്കാൻ അനുവാദമുള്ള പ്രദേശങ്ങളിലായി പ്രഖ്യാപിക്കുകയും ചെയ്യണം. അങ്ങനെ പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിൽനിന്നും മറ്റ് ആവശ്യങ്ങൾക്ക് മണ്ണെടുക്കുകയോ ദുരുപയോഗം നടത്തുകയോ ചെയ്യുന്നത് കർശനമായി നിയന്ത്രിക്കണം. അതുപോലെ വിറകിന്റെയും വൈദ്യുതിയുടെയും പ്രശ്നം ഈ മേഖലയിൽ നിലനിൽക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ കെട്ടിടങ്ങൾ, സർക്കാർ സഹായത്തോടെയുള്ള ഭവനനിർമ്മാണ പരിപാടികൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഓടുൽപ്പന്നങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനുള്ള ഒരു നയംതന്നെ സർക്കാർ ആവിഷ്ക്കരിക്കണം. തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കേണ്ട കാലം കഴിഞ്ഞിട്ട് വളരെയേറെ കാലമായി. അതുപോലെ ഡെയിലി വേജസ്, കരാർ തൊഴിലാളികളുടെ പ്രശ്നങ്ങളുമുണ്ട്. അതൊക്കെ പരിഹരിക്കാനായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, തൃശ്ശൂർ ജില്ലയിലും കോഴിക്കോട്ടുമാണ് ഈ വ്യവസായം കൂടുതലായും കാണപ്പെടുന്നത്. കുറച്ച് കൊല്ലത്തും കണ്ണൂരിന്റെ ചില പ്രദേശത്തുമുണ്ട്. ഓടു വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ അഭാവമാണ്. ഈ വ്യവസായത്തിനുപയോഗിക്കുന്ന കളിമണ്ണ് ടൈൽക്കേ ഒരു ചെറുകിട ഖനിജമാണ്. അത് 1957-ൽ Minor Mineral Concession, Regulation and Development Act എന്ന കേന്ദ്ര നിയമവും തദ്വാരാ പാസ്സാക്കിയിട്ടുള്ള 1997-ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും പ്രകാരം മാത്രമേ പ്രസ്തുത ഖനിജം ഖനനം ചെയ്യാൻ അനുവാദമുള്ളൂ. അപ്രകാരം ഖനനം ചെയ്തെടുക്കുന്ന കളിമണ്ണിന് നിയമാനുസൃത റോയൽറ്റി ഈടാക്കേണ്ടതുണ്ട്. ഇത് ടണ്ണിന് വില 10 രൂപ മാത്രമാണ്. ഓടുവ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി പഠിച്ച പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സർക്കാർ വിശദമായി ചർച്ച ചെയ്യുകയും ഓട് വ്യവസായരംഗം ആധുനികവൽക്കരിക്കാനും വൈവിധ്യവൽക്കരിക്കാനും തീരുമാനിക്കുകയും ചെയ്തു. ഇതിനായി Industry Versity Linkage Scheme-ൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പാപ്പനംകോട് പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനമായ റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് 86.22 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് അംഗീകരിക്കുകയും അതിൽ വ്യവസായ വകുപ്പിന്റെ വിഹിതമായ 30.82 ലക്ഷം രൂപയും ഒന്നാംഘട്ട വിഹിതമായ 17.5 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികളാണ് ഉടൻ ആരംഭിക്കുന്നത്. (1) ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള കളിമണ്ണ് നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടെത്തുക; (2) ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി പുതിയ ഉൽപ്പന്നങ്ങൾ കണ്ടെത്തുക; (3) നിലവിലുള്ള പഴഞ്ചൻ യന്ത്രങ്ങൾക്കുപകരം ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക; (4) ഈ രംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ സംരക്ഷണത്തിനും തദ്വാരാ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ പുതിയ സാങ്കേതികവിദ്യ രൂപപ്പെടുത്തുക; (5) മറ്റൊരു അസംസ്കൃത പദാർത്ഥം കണ്ടുപിടിക്കുക. ഇതിനുപുറമേ ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾകൂടി പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കും. സംസ്ക്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക; ഓട് വ്യവസായ സ്ഥാപനങ്ങളിൽ ഗുണമേന്മ പരിശോധനയ്ക്കായി ലബോറട്ടറികൾ സ്ഥാപിക്കുക; പുതിയ കളിമണ്ണ് സംസ്ക്കരണ സാങ്കേതിവിദ്യ രൂപപ്പെടുത്തിയെടുക്കുക; ഈ മേഖലയിൽ നടപ്പാക്കാൻ പോകുന്ന ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും സംബന്ധിച്ച് വ്യവസായികൾക്ക് ബോധവൽക്കരണ പരിശീലനം സംഘടിപ്പിക്കാനുള്ള കേന്ദ്രം സ്ഥാപിക്കുക; ഓട് വ്യവസായത്തിന് പ്രത്യേക വിപണനതന്ത്രം ആവിഷ്ക്കരിക്കുക. ഇതുവഴി ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ഈ ഓട് വ്യവസായികളുമായിത്തന്നെ ഞാൻ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എല്ലാ പരിശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

(5) എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ 16.12.1999-ലെ സെക്രട്ടേറിയേറ്റ് സമരം

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ എക്സൈസ് ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്ന് സെക്രട്ടേറിയറ്റുപടിക്കൽ സമരം നടത്തുകയാണ്. സമരത്തിനാധാരമായി അവർ പറയുന്ന പ്രധാനപ്പെട്ട ഒരു വിഷയം എക്സൈസ് ജീവനക്കാരുടെ സീനിയോറിറ്റിക്കും പ്രമോഷനും തടസ്സം നിൽക്കുന്ന കാൽ നൂറ്റാണ്ടു പഴക്കമുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുക, എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നിർത്തലാക്കുക തുടങ്ങിയവയാണ്. എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനംകൊണ്ട് ഇന്ന് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ കിട്ടിയവർക്കുപോലും നിയമനം കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. അതുപോലെതന്നെ 8 മണിക്കൂർ ജോലി അവർക്ക് ക്ലിപ്തപ്പെടുത്താൻവേണ്ടി അവർ ആവശ്യപ്പെട്ടിട്ടുണ്ട്. പോലീസിനെപ്പോലെതന്നെ സൈനിക അർദ്ധ സൈനിക വിഭാഗത്തിൽപെട്ടിട്ടുള്ള ഇവർക്ക് 8 മണിക്കൂർ ജോലി നിജപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി കൂടി ആലോചിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ തസ്തിക എക്സൈസ് ഗാർഡിന്റെ പ്രമോഷൻ തസ്തികയാക്കണമെന്നും എക്സൈസ് ഇൻസ്പെക്ടർ തസ്തിക കേഡർ സ്ട്രെങ്തിന്റെ 25% മാത്രം നേരിട്ടു നിയമിക്കുന്ന തരത്തിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്നുമാണ് കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ആവശ്യം. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം എക്സൈസ് വകുപ്പിലുണ്ടാകുന്ന പ്രിവന്റീവ് ഓഫീസർമാരുടെ ഓരോ നാലാമത്തെ ഒഴിവിലേയ്ക്കും നേരിട്ട് നിയമനം നടത്തണമെന്നാണ് വ്യവസ്ഥ. അതനുസരിച്ച് 1982 മാർച്ചുമുതൽ 1997 ഡിസംബർ 31 വരെ

LIBRARY ARCHIVES Kerala Legislative Assembly